## ആസ്പത്രികളിൽ മരുന്നില്ലെന്ന പരാതി

* 220 [776] ശ്രീ. വി. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്പത്രികളിൽ മരുന്നില്ലെന്ന പരാതിയെ സംബന്ധിച്ച് അന്വേഷണം നടത്താൻ ഒരു കമ്മിറ്റിയെ നിയമിക്കുമെന്ന ഗവണ്മെന്റിന്റെ ഉറപ്പനുസരിച്ച് കമ്മിറ്റിയെ നിയമിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ ഉള്ളടക്കം വിശദീകരിക്കാമോ;

(സി) ഇപ്പോഴും എല്ലാ ആസ്പത്രികളിലും വേണ്ടത്ര മരുന്നു ലഭിക്കുന്നുണ്ടോ?

ആരോഗ്യമന്ത്രി (ശ്രീ. ബി. വെല്ലിംഗ്ടൺ): (എ) കമ്മിറ്റിയുടെ നിയമനം കഴിഞ്ഞിട്ടില്ല. കമ്മിറ്റിയിൽ വിദഗ്ദ്ധന്മാരായ ആരെയെല്ലാം ഉൾപ്പെടുത്തണമെന്ന കാര്യം ഗവണ്മെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) എല്ലാ ആശുപത്രികളിലും ആവശ്യത്തിനനുസരിച്ച് കഴിയുന്നിടത്തോളം മരുന്നുകൾ നൽകുന്നുണ്ട്.

ശ്രീ. വി. കൃഷ്ണൻ നായർ: കമ്മിറ്റിയെ നിയമിക്കുന്നതിനുള്ള കാലതാമസം കാരണം പല ആശുപത്രികളിലും വേണ്ടത്ര മരുന്നുകൾ എത്തിയിട്ടില്ലെന്നുള്ളതിനെ പരിഗണിച്ച് അടിയന്തിരമായി മരുന്ന് എത്തിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: കമ്മിറ്റിയുടെ നിയമനവും മരുന്ന സപ്ലൈയും തമ്മിൽ ബന്ധമില്ല. മരുന്നുകളുടെ പോരായ്മകൾ അന്വേഷിക്കുന്നതിനാണ് കമ്മിറ്റിയെ നിയമിക്കാമെന്ന തീരുമാനിച്ചത്. അതിനുവേണ്ട നടപടികൾ നടന്നുവരികയാണ്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: പല ആശുപത്രികളിലും ഡിസ്റ്റിൽഡ് വാട്ടർ ഇല്ലെന്ന കാരണത്താൽ ഓപ്പറേഷനുകൾപോലും മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: അതു് ഒരു അവാസ്തവ പ്രസ്താവനയാണ്. ഡിസ്റ്റിൽഡ് വാട്ടറില്ലാത്തതുകൊണ്ട് ഓപ്പറേഷൻ നിറുത്തിവയ്ക്കേണ്ടിവന്ന എന്നു പറയുന്നതു് ശരിയല്ല.

ശ്രീ. എൻ. കെ. ശേഷൻ: ഈ കമ്മിറ്റിയെ എന്നത്തേക്കു് നിയമിക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: അതിനുവേണ്ട നടപടികൾ നടത്തിവരികയാണ്. വിദഗ്ദ്ധന്മാരായിട്ടുള്ള ആളുകളെയാണ് ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതു്.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽപോലും രോഗികൾക്കു് മരുന്ന് ശരിക്കു കൊടുക്കാൻ സാധിക്കുന്നില്ലെന്നും, അപ്പോഴപ്പോൾ പുറമേനിന്നു് വാങ്ങേണ്ടിവരുന്ന അവസ്ഥയാണ് ഉള്ളതെന്ന കാര്യവും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഏതു ആശുപത്രിയിലായാലും ചിലപ്പോൾ ചില മരുന്നുകൾ ഇല്ലാതെവന്ന എന്നു വരാം. അങ്ങനെ വരുന്ന അവസരത്തിൽ ആവശ്യമായ മരുന്നുകൾ ഉടൻതന്നെ എത്തിച്ചു കൊടുക്കുന്നതിനുവേണ്ട നടപടികൾ ഗവണ്മെന്റ് സ്വീകരിക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ അസംബ്ലിയിൽ രാഷ്ട്രീയപ്രവർത്തകരെ ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതാണെന്നു പറയുകയുണ്ടായി. ഇപ്പോൾ പറയുന്നു, വിദഗ്ധന്മാരായിട്ടുള്ള ആളുകളെ മാത്രമേ ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തുകയുള്ളൂ എന്നു്. അതു് ശരിയാണോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: രണ്ടു കൂട്ടരേയും ഈ കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതായിരിക്കും.

ശ്രീ. ആർ. എസ്. ഉണ്ണി: കൊല്ലത്തു് വിക്ടോറിയാ ആശുപത്രിയിൽ എ. റ്റി. സിറവും, സർജിക്കൽ കാട്ടണും വെളിയിൽനിന്നു വാങ്ങിക്കൊണ്ടു പോകണമെന്നുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: അതു് ഇപ്പോൾ ശ്രദ്ധയിൽപ്പെടുകയാണു്. എ. റ്റി. സിറത്തിനു് ഷാർട്ടേജുണ്ടെന്നുള്ള വസ്തുത യാഥാർത്ഥ്യമാണു്.

ശ്രീ. എ. പി. ആര്യൻ: ഇപ്പോൾ ആശുപത്രികളിൽ കൊടുക്കുന്ന മരുന്നുകൾ പണ്ടെങ്ങാണ്ടോ നിശ്ചയിച്ചിട്ടുള്ള പാറേൺ അനുസരിച്ചുള്ളവയായതുകൊണ്ടു് പുതിയ പുതിയ മരുന്നുകൾ ഡോക്ടർമാർ രോഗികൾക്കു് കുറിച്ചു കൊടുക്കുന്നതു് പുറത്തുനിന്നു വാങ്ങേണ്ട ഗതികേടാണുള്ളതു്. തൃശ്ശൂർ ഡിസ്ട്രിക്ടിലെ ആശുപത്രികളിലുള്ള ഡാക്ടർമാർ ഫലപ്രദമായിട്ടുള്ള പുതിയ പുതിയ മരുന്നുകൾക്കു് കുറിച്ചുകൊടുക്കുന്നുണ്ടു്. ആ മരുന്നുകളൊന്നും ആശുപത്രികളിലില്ലാത്തതുകൊണ്ടു് രോഗികൾക്കു് വെളിയിൽനിന്നു വാങ്ങേണ്ട ഗതികേടാണു് ഇന്നുള്ളതു്. അതേക്കുറിച്ചു് ഒന്നു അന്വേഷിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: സ്റ്റോഴ്സ് പർച്ചേസു് വ്യവസ്ഥയനുസരിച്ചാണു് മരുന്നുകൾ വാങ്ങുന്നതു്. ഒരു കൊല്ലത്തേക്കാവശ്യമായ എതെല്ലാം മരുന്നുകൾ വാങ്ങേണ്ടതാണെന്നുള്ളതിനു് ലിസ്റ്റെടുക്കാറുണ്ടു്. ആ കൊല്ലത്തേക്കാവശ്യമായ മരുന്നുകൾ വാങ്ങിക്കഴിഞ്ഞാൽ, പിന്നെ കമ്പനികളിറക്കുന്ന മരുന്നുകൾ വാങ്ങാൻ ആ കൊല്ലം സാധിക്കുകയില്ല. ഈ മരുന്നുകളെല്ലാം വാങ്ങുന്നതു് സ്റ്റോഴ്സ് പർച്ചേസു് റൂൾസനുസരിച്ചാണു്. അതുകൊണ്ടു് ഈ വക കാര്യത്തിൽ വ്യത്യാസം വരുത്താൻ സാധിക്കുകയില്ല.

ശ്രീ. ഈ. ജോൺ ജേക്കബ്: മരുന്നുകളില്ലാതെ വരാൻ കാരണം ഗവണ്മെന്റിന്റെ ധനപരമായ പ്രയാസംകൊണ്ടാണോ, അതോ ആരിൽനിന്നു വാങ്ങേണമെന്നുള്ള കാര്യത്തിലുള്ള എന്തെങ്കിലും തടസ്സം കൊണ്ടാണോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: മാനുഫാക്ചറിംഗ് ചെയ്യുന്ന സ്ഥലത്തുനിന്നാണു് മരുന്നു വാങ്ങുന്നതു്. അംഗീകരിച്ചിട്ടുള്ള മരുന്നുകളെ സംബന്ധിച്ചിടത്തോളം പരസ്യം ചെയ്യും. കൊട്ടേഷൻ അയയ്ക്കും. അതിൽ സ്റ്റാൻഡേർഡ് ലവലിലുള്ളവരുടെ കൊട്ടേഷൻ ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും ചെയ്യും. അല്ലാതെ, ഇവിടെ മുൻപു പറഞ്ഞതുപോലെ, അന്തിച്ചന്തയിൽനിന്നല്ല മരുന്നു വാങ്ങുന്നതു്.

ശ്രീ. പി. പി. വിൽസൻ: ആശുപത്രികളിലേക്കു് ആവശ്യമായിട്ടുള്ള മരുന്നുകൾ വാങ്ങുന്നതിനുള്ള അതോറിട്ടി ആരാണു്? സാധാരണ ഗതിയിൽ ആവശ്യമുള്ള മരുന്നുകൾക്കു പകരം വളരെ വിലക്കൂടുതലുള്ളതും സാധാരണഗതിയിൽ ആവശ്യമില്ലാത്തതുമായ മരുന്നുകൾക്കു് ആർഡർ കൊടുക്കുന്നതുകൊണ്ടാണു് മരുന്നുകളില്ലാത്ത അവസ്ഥ വരുന്നതെന്നുള്ളതിനെ പരിഗണിച്ചു് അങ്ങനെയുള്ള മരുന്നുകൾക്കു് ആവശ്യമില്ലാതെ ആർഡർ കൊടുക്കുന്നതിനു് ഒരു നിയന്ത്രണം ഏർപ്പെടുത്താൻ സന്നദ്ധമാകുമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ: ബഹുമാനപ്പെട്ട മെമ്പർക്കു് ഈ വിവരം എവിടെനിന്നു കിട്ടിയെന്നു എനിക്കറിവില്ല. മരുന്നുകളെപ്പറ്റി അറിയാവുന്ന വിദഗ്ധ ഡാക്ടർമാരുടെ ഒരു ടെക്നിക്കൽ കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ടു്. ആ കമ്മിറ്റിയാണു് ഏതെല്ലാം മരുന്നുകളും വാങ്ങണമെന്നുള്ള കാര്യം നിശ്ചയിക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പർക്കു് വിവരമില്ലാത്ത ഏതോ കമ്പനിക്കാർ കൊടുത്ത വിവരമായിരിക്കും ഇതെന്നാണു് എനിക്കു് തോന്നുന്നതു്.

ശ്രീ. വി. വി. കുഞ്ഞമ്പു: ഓരോ ആശുപത്രിക്കും നിശ്ചയിക്കുന്ന തുകക്കുള്ള മരുന്നുകളുടെ വിതരണം നടക്കുന്നില്ല. കണ്ണൂർ ഡിസ്പെൻസറിയിലെ മെഡിക്കൽ സ്റ്റോർ കത്തിയെരിഞ്ഞതിനുശേഷം അവിടത്തെ മിക്ക ആശുപത്രികൾക്കും ഡിസ്പെൻസറികൾക്കും ആവശ്യത്തിനുള്ള മരുന്നു കിട്ടുന്നില്ലെന്നുള്ള ന്യായമായ പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: കണ്ണൂർ ഡിസ്പെൻസറിയിലെ മെഡിക്കൽ സ്റ്റോർ കത്തിപ്പോയതിൽ പിന്നീടു് അവിടത്തെ മരുന്നു വിതരണത്തിൽ കുറേ പ്രയാസമുണ്ടായിട്ടുണ്ടു്. അതു് പരിഹരിക്കാനുള്ള നിർദ്ദേശം കൊടുക്കുകയും മരുന്നുകളും എത്തിക്കുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. കെ. സി. വാമദേവൻ: മിക്കവാറും ആശുപത്രികളിലെ മരുന്നുകളെങ്കിലും പ്രൈവറ്റു് പ്രാക്ടീസു് നടത്തുന്ന ഡാക്ടർമാർ പ്രൈവറ്റു് ചികിത്സക്കു വേണ്ടി കടത്തിക്കൊണ്ടുപോകുന്നതുകൊണ്ടാണു് മരുന്നു ദുർലഭ്യം അനുഭവപ്പെടുന്നതെന്നുള്ളതിനെ പരിഗണിച്ചു് ഇതു് കടത്തിക്കൊണ്ടുപോകുന്നതു് തടയുന്നതിനുവേണ്ട കർശന നടപടികളും ഗവണ്മെൻറു് സ്വീകരിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഇതിലേക്കുവേണ്ടി ഒരു വിജിലൻസു് സെക്ഷൻ പബ്ലിക്കു് ഹെൽത്തു് സർവീസു് ഡിപ്പാർട്ടുമെൻറിലുണ്ടു്. കൂടാതെ പോലീസിലെ വിജിലൻസു് സെക്ഷന്റെ സഹായവും ഇതിനു വേണ്ടി തേടാറുണ്ടു്. ഏതെങ്കിലും ഡാക്ടർ ഇങ്ങനെ മരുന്നു കടത്തിക്കൊണ്ടുപോകുകയാണു് എന്നുള്ള വിവരം തരുകയാണെങ്കിൽ കർശനമായ നടപടി നടത്താം.

ശ്രീ. കെ. സി. വാമദേവൻ: സർക്കാർ സർവ്വീസിലിരിക്കുന്ന ഡാക്ടർമാർ അവരുടെ പ്രൈവറ്റു് ചികിത്സ നടത്തുന്നതു് സർക്കാരിലെ മരുന്നുകളെ ആശ്രയിച്ചാണെന്നുള്ള വസ്തുതയെ പരിഗണിച്ചു് ഇതേപ്പറ്റി ഗവണ്മെൻറു് അന്വേഷിക്കുമോ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഗവണ്മെൻറു് അന്വേഷിക്കുന്നുണ്ടു്. ഇന്നയിന്ന ആശുപത്രികളിലെ ഇന്നയിന്ന ഡാക്ടർമാർ ഈ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നു് തെളിവു് തരുകയാണെങ്കിൽ കർശനമായ നടപടി നടത്താം. മൊത്തത്തിൽ ഇങ്ങനെ കാണുന്നു എന്നു പറയുന്നതുകൊണ്ടു് യാതൊന്നും ചെയ്യാൻ കഴിയുകയില്ല.

ശ്രീ. പി. പി. വിൽസൺ: കോട്ടയം മെഡിക്കൽ കോളേജു് ആശുപത്രിയിൽ രണ്ടുമാസം മുൻപു് അപകടം ഉണ്ടായി മുറിവേറ്റ 70-ഓളം പേരെ ആശുപത്രിയിൽ കൊണ്ടുവന്നപ്പോൾ 12 രൂപക്കുമേൽ വിലയുള്ള കുത്തിവയ്ക്കുന്ന മരുന്നേ ആശുപത്രിയിലുള്ളു, കേവലം 37 പൈസ വിലയുള്ള മരുന്നു ആശുപത്രിയിലില്ലാത്തതുകൊണ്ടു് വെളിയിൽനിന്നു വാങ്ങേണ്ടതായി വന്നു. ഈ തരത്തിൽ വിലകൂടിയ മരുന്നുകൾക്കു് ആർഡർ കൊടുക്കുന്നതുകൊണ്ടു് അത്യാവശ്യത്തിനുള്ള മരുന്നുകൾ കിട്ടാതെ വരുന്നുണ്ടു്. ഇതു് പ്രത്യേകം ചില കമ്പനിക്കാരെ ഫേവർ ചെയ്യുന്നതിനുവേണ്ടി പർച്ചേസു് കമ്മിറ്റി ശുപാർശചെയ്തതുകൊണ്ടാണെന്നുള്ള സംസാരം ഉണ്ടായിട്ടുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ ഫേവർ ചെയ്യുന്ന നടപടി ഒന്നു നിയന്ത്രിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ: അങ്ങനെ സംസാരം ഉണ്ടായതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ എ.റി.എസ്. പോലുള്ള വിലകുറഞ്ഞ മരുന്നുകളില്ലാത്തതിൻെറ പോരായ്മ ഉണ്ടായിട്ടുള്ളതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതിനു് കാരണമുണ്ടു്. ഇതിൻെറ നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ വിദേശരാജ്യത്തുനിന്നു് ഇറക്കുമതി ചെയ്തുകൊണ്ടിരുന്നതിൽ ഇൻഡ്യാ ഗവണ്മെൻറു് ഈയിടെ കർശനമായ നിയന്ത്രണം ഏർപ്പെടുത്തിയതിൻെറ ഫലമായാണു് ഇങ്ങനെയൊരു സാഹചര്യം ഉണ്ടായതു്. ഇതു് എങ്ങനെ നേരിടണമെന്നുള്ളതിനെക്കുറിച്ചു് കേന്ദ്ര ഗവണ്മെൻറുമായി ബന്ധം പുലർത്തുന്നുണ്ടു്. സപ്ലൈ ചെയ്യുന്ന ആളുകൾക്കു് കരാറനുസരിച്ചുള്ള സാധനങ്ങൾ തരാൻ സാദ്ധ്യമല്ലാതെ വന്നതുകൊണ്ടാണു് ഈ പോരായ്മകളുണ്ടായതു്. വിലകൂടിയ മരുന്നുകൾ ഉപയോഗിക്കുന്നതിൽ കർശനമായ നിയന്ത്രണമുണ്ടു്. അതിനു് പ്രത്യേക ലഡ്ജർ വച്ചിട്ടുണ്ടു്. അതു് ഉപയോഗിക്കുന്നതിനു് ചില നിയന്ത്രണങ്ങളുള്ളതുകൊണ്ടു് ഇഷ്ടംപോലെ ചെലവാക്കാൻ പറ്റുകയില്ല. വിലകുറഞ്ഞ മരുന്നുകൾ ധാരാളമായി ഉപയോഗിക്കാൻ അനുവാദമുള്ളതുകൊണ്ടു് പെട്ടെന്നു തീരും. കോട്ടയം മെഡിക്കൽ കോളേജാശുപത്രിയിൽ മരുന്നില്ലാതെ വരാനിടയായ സാഹചര്യം അതായിരുന്നു എന്നാണു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. മനഃപൂർവ്വം വിലകൂടിയ മരുന്നു വാങ്ങാൻ ടെക്കു്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തു എന്നുള്ള പരാമർശം ഉണ്ടായതു് ഖേദകരമാണു്.

ശ്രീ. കെ. കെ. അബു: സർക്കാർ ഡാക്ടറന്മാരും മെഡിക്കൽ കോളേജിലെ പ്രൊഫസറന്മാരും സ്വകാര്യ പ്രാക്ടീസു് നടത്തുന്നതുമൂലം വളരെയധികം ബുദ്ധിമുട്ടുകളും നഷ്ടവും ഉണ്ടാകുന്നുണ്ടെന്നു് ബഹുമാനപ്പെട്ട മന്ത്രിതന്നെ സമ്മതിക്കുന്ന സ്ഥിതിക്കു് കൂടുതൽ പ്രതിഫലം കൊടുത്തുകൊണ്ടാണെങ്കിലും ഇവരുടെ സ്വകാര്യപ്രാക്ടീസു് അവസാനിപ്പിക്കാൻ എന്തെങ്കിലും നിയമം നിർമ്മിക്കാൻ തയ്യാറാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ; ഇതു് ഒരു അഭിപ്രായമാണു്. അതിനു പുറമെ ഇതൊരു പോളിസി കൂസ്റ്റ്യനുമാണു്. ഇതുമൂലം വമ്പിച്ച സാമ്പത്തികബാദ്ധ്യത ഗവണ്മെൻറിനുണ്ടാകും. ഏതായിരുന്നാലും ഇതിനെപ്പറ്റി ആലോചിക്കാവുന്നതാണു്.

ശ്രീ. എസ്. ദാമോദരൻ: ഒരു പ്രത്യേക ആശുപത്രിയിൽ ഒരു പ്രത്യേക മരുന്നിൻെറ കാര്യത്തെപ്പറ്റിയല്ല പറയുന്നതു്. എല്ലാ ആശുപത്രികളിലും കാർബണേറ്റു മിക്സ്ച്ചർ പോലുള്ള വിലകുറഞ്ഞ മരുന്നുകൾ പോലുംകിട്ടാതെ വരുന്നുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ കാര്യമായ ശ്രദ്ധചെലുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചില ആശുപത്രികളിൽ ചിലപ്പോൾ സംഭവിക്കുന്നുണ്ടു്. അതുവച്ചുകൊണ്ടു് ചില പ്രായോഗിക നടപടികളും സ്വീകരിച്ചിട്ടുണ്ടു്. ആലപ്പുഴയിൽ ഇതു പ്രയോഗത്തിൽ വരുത്തിയിട്ടുണ്ടു്. രണ്ടു ലക്ഷത്തിൽ ചിലപ്പോൾ രൂപാ ആലപ്പുഴയ്ക്കു അനുവദിച്ചിട്ടുണ്ടു്.

ശ്രീ. എസ്. ദാമോദരൻ: അവിടെ മരുന്നു കിട്ടിയില്ല.....

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. പി. എം. അബൂബേക്കർ: പരാതി കിട്ടിയാൽ അന്വേഷിക്കാമെന്നു പറഞ്ഞു. എന്നാൽ കോഴിക്കോട്ടു മെഡിക്കൽ കാളേജിനോടു ബന്ധപ്പെട്ട ബീച്ചാശുപത്രിയിലെ ക്ഷയരോഗ വിഭാഗത്തിലെ ഒരു ഡാക്ടറെ സംബന്ധിച്ചു് ആശുപത്രി ഉപദേശക കമ്മിറ്റി സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തുനടപടി സ്വീകരിച്ചു എന്നു പറയാൻ തയ്യാറാകുമോ ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വെല്ലിംഗ്ടൺ: ആ ഫയൽ എന്റെ അടുത്തുവന്നില്ല. വന്നു കഴിഞ്ഞാൽ ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ക്ഷയരോഗാശുപത്രികളിൽ നിന്നും രോഗികൾക്ക് അടുത്തുള്ള ആശുപത്രിയിൽ പോയി മരുന്നു വാങ്ങിക്കാൻ സ്ലിപ്പു കൊടുക്കുകയും അവിടെ ചെന്നാൽ മരുന്നു കിട്ടാതെ വരുകയും ചെയ്യുന്നു. അതു കൊണ്ട് അവിടവിടെതന്നെ മരുന്നു സപ്ലൈ ചെയ്യാൻ ആവശ്യമായ നിർദ്ദേശം ഡി. എം. ഒ. മ്മാർ കൊടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ബി. വെല്ലിംഗ്ടൺ: ഇറക്കുമതിയുടെ കാര്യത്തിൽ വന്ന ബുദ്ധിമുട്ടു കാരണം ചില പ്രയാസങ്ങളെല്ലാം ഉണ്ടായിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നതായിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

## കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടെ നിർമ്മാണത്തിലിരിക്കുന്ന ബണ്ടുകൾ

* 221 [777] ശ്രീ. മുസ്തഫാകൈമൾ:
,, ഈ. പി. കൃഷ്ണൻ നമ്പ്യാർ:
,, സി. ബി. ചന്ദ്രശേഖരവാര്യർ:
,, ആർ. കൃഷ്ണൻ (പാലക്കാട്):
,, വി. എസ്. അച്യുതാനന്ദൻ:
,, എൻ. വാസുദേവൻപിള്ള:
,, ടി. കെ. രാമകൃഷ്ണൻ:
,, പി. കെ. കുഞ്ഞച്ചൻ:
,, സി. ഗോവിന്ദപ്പണിക്കർ:
,, എം. കെ. ജോർജ്ജ്:
,, എ. എസ്. എൻ. നമ്പീശൻ:
,, വി. വി. ദക്ഷിണാമൂർത്തി:
,, എ. വി. ആര്യൻ:
,, പാലൊളി മുഹമ്മദുകുട്ടി:
,, ടി. കെ. കൃഷ്ണൻ:
,, കെ. ചാത്തുണ്ണിമാസ്റ്റർ:
,, എസ്. ദാമോദരൻ:
,, ഈ. ബാലാനന്ദൻ:
,, കെ. ഐ. രാജൻ:
,, എം. സദാശിവൻ:
,, സി. കെ. ബാലകൃഷ്ണൻ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും സഹകരണവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവണ്മെന്റിന്റെ സഹായത്തോടുകൂടി സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന ബണ്ടുകൾ എത്ര ; ഏതെല്ലാം ;

(ബി) ഈ ബണ്ടുകളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) കേന്ദ്രസംസ്ഥാനഗവണ്മെന്റുകളുടെ ശ്രദ്ധയിലിരിക്കുന്ന തണ്ണീർമുക്കം ബണ്ടിൽ വൻപിച്ച അഴിമതി നടക്കുന്നു എന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) തണ്ണീർമുക്കം ബണ്ടിന്റെ ആവശ്യത്തിലേക്കായി 1958-ൽ ഇറക്കിയ 128 ഷട്ടറുകൾ ഉപ്പുവെള്ളത്തിൽകിടന്നു നശിക്കുന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly